**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **12.12.2018 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 3942**

# ഗെയ്ൽ വാതക പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.ദാസൻ:** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ഗെയ്ൽ വാതക കുഴൽ പദ്ധതിയുടെ പ്രവൃത്തികളിൽ പൈപ്പിടൽ പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തീകരിച്ചു; അനുബന്ധമായ മറ്റ് പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ ആകെ ദൈർഘ്യം 444 കിലോ മീറ്ററാണ്. ആയതിൽ കേരളത്തിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈനിന്റെ ദൈർഘ്യം 408 കിലോമീറ്ററാണ്. 408 കിലോമീറ്ററിൽ 381 കി.മീറ്റർ പൈപ്പ് ലൈൻ വെൽഡിംഗ് (93.4%) പൂർത്തിയായിക്കഴിഞ്ഞു. 321 കിലോമീറ്ററിൽ (79.%) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ നടപടികൾ പൂർത്തീകരിച്ചു. പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം ഭൂമി പൂർവ്വ സ്ഥിതിയിലാക്കി ഭൂഉടമകൾക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>കൂറ്റനാട്-ബാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 435 കിലോമീറ്ററാണ്. ഇതിൽ കേരളത്തിൽ 98 കിലോമീറ്റർ കടന്നു പോകുന്നു. കേരളത്തിൽ മൊത്തം ദൈർഘ്യം (408+98)= 506 കിലോമീറ്ററാണ്. |
| (ബി) | പദ്ധതി പൂർണ്ണതോതിൽ എന്ന് പ്രവർത്തനം ആരംഭിക്കാമെന്നാണ് കരുതുന്നത്; | (ബി) | ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം വാതക പൈപ്പ് ലൈൻ 2019 മാർച്ച് 31 നകം കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഭാഗമായി വീട്ടുകളിലേക്ക് നേരിട്ട് പാചകവാതകം എത്തിക്കുന്ന പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം ജില്ലകളിൽ ആണ് ആരംഭിക്കുന്നത്; വിശദമാക്കാമോ? | (സി) | വീട്ടുകളിലേക്ക് പാചക ആവശ്യത്തിനായി പൈപ്പുകളിലൂടെ പ്രകൃതി വാതകം (PNG) എത്തിക്കുന്ന പദ്ധതി ഇന്ത്യൻ ഓയിൽ -അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം ജില്ലയിൽ 2016 ഡിസംബറിൽത്തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) ലഭ്യമാക്കുന്നതിനായി സ്റ്റേഷനുകളും ആരംഭിച്ചു കഴിഞ്ഞു.<br><br>കേരളത്തിൽ പൈപ്പ് ലൈൻ കടന്നു പോകുന്ന മറ്റു ജില്ലകളായ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി ഉടനെ ആരംഭിക്കുന്നതാണ്. പ്രകൃതി വാതക വിതരണത്തിനുള്ള കരാർ ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് ലഭിച്ചുകഴിഞ്ഞു. ഈ കമ്പനിയാണ് പൈപ്പ് ലൈൻ കടന്നു പോകുന്ന ജില്ലകളിൽ വീട്ടുകൾക്കും, വാഹനങ്ങൾക്കുമുള്ള (PNG ,CNG) സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**